(സി) സാമൂഹ്യക്ഷേമവകുപ്പിലെ 3400/ബി1/2002/എസ്. ഡബ്ല്യൂ. ഡി. നമ്പർ ഫയലിൽ സ്വീകരിച്ച തീരുമാനത്തിന്റെ വെളിച്ചത്തിൽ കോട്ടയം ജില്ലയിലെ പള്ളം പ്രോജക്ടിൽ നാട്ടകം പഞ്ചായത്തിനും വൈക്കം പ്രോജക്ടിൽ റ്റി. വി. പുരം പഞ്ചായത്തിനും കടുത്തുരുത്തി പ്രോജക്ടിൽ തലയോലപ്പറമ്പ് പഞ്ചായത്തിനും എറണാകുളം ജില്ലയിലെ വാഴക്കുളം പ്രോജക്ടിൽ ചൂർണ്ണിക്കര പഞ്ചായത്തിനും കൊച്ചി (അർബൻ) പ്രോജക്ടിൽ കൊച്ചി കോർപ്പറേഷനും അനുവദിച്ചിരുന്ന ഓരോ അംഗൻവാടികളുടെ (ആകെ അഞ്ച്) കെട്ടിടം പണി തുടങ്ങാതിരുന്നതിനാൽ ആയതിനായി മാറ്റിവെച്ച തുകയായ 4,68,750 രൂപ ചെലവഴിക്കാൻ കഴിയുകയില്ലെന്നു കണ്ട് പ്രസ്തുത തുക മലപ്പുറം ജില്ലയിൽ തിരൂർ പ്രോജക്ടിൽ മംഗലം പഞ്ചായത്തിലെ 5 അംഗൻവാടികൾക്ക് മാറ്റി നൽകുന്നതിന് അനുമതി നൽകിക്കൊണ്ട് 4-1-2003-ലെ സ. ഉ. (സാധാ.) നമ്പർ 5/03/സാ.ക്ഷേ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) കെട്ടിടങ്ങൾക്കായി സ്ഥലം ലഭ്യമാക്കുകയും എന്നാൽ ലോക ബാങ്ക് സഹായം ലഭിക്കാത്തതിന്റെ അടിസ്ഥാനത്തിൽ; കെട്ടിട നിർമ്മാണം ആരംഭിക്കാൻ കഴിയാത്ത സ്ഥിതി ഉണ്ടായിട്ടുള്ളതുമായ 18 അംഗൻവാടികളാണ് മണ്ഡലത്തിൽ ഉള്ളത്.

(ഇ) ബേപ്പൂർ മണ്ഡലത്തിൽ 139 അംഗൻവാടി കെട്ടിടങ്ങൾക്ക് സ്ഥലം ലഭ്യമാക്കിയെങ്കിലും അതിൽ 18 അംഗൻവാടികൾക്ക് കേന്ദ്ര സർക്കാരിൽ നിന്നും അനുമതി ലഭിക്കാത്തതിനാൽ കെട്ടിടം പണി ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല.

സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻവാടികൾ

64 [3469] ശ്രീ. സി. ടി. അഹമ്മദലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻവാടികളുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) അംഗൻവാടി കെട്ടിടം, തൊട്ടടുത്ത് സ്ഥിതി ചെയ്യുന്ന സ്ഥല സൗകര്യമുള്ള പ്രൈമറി സ്കൂൾ കെട്ടിടത്തിലേക്ക് മാറ്റുന്നത് സംബന്ധമായ ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) ഇതുസംബന്ധമായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് എന്നും അതിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) നിലവിൽ ഉത്തരവുകൾ ഒന്നും ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly